# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് നിയമസഭാ സാമാജികരിൽ നിന്നും ജനറൽ വിഭാഗത്തിലെ മൂന്ന് അംഗങ്ങളും ഒരു വനിത അംഗവും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ ഒരു അംഗവും ഉൾപ്പെടെ അഞ്ച് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

[(2015-ലെ എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ 23 (1) -ാം വകുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിലെ ഇനം (i) അനുസരിച്ച്)]

### വിജ്ഞാപനം

നമ്പർ.3896/ലെജിൻ.2/2020/നി.സെ. തിരുവനന്തപുരം, 2020 നവംബർ 4

2015-ലെ 17-ാം നമ്പർ ആക്ടായ 2015 -ലെ എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ 23-ാം വകുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിലെ (i)-ാം ഇനവും എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ വിവിധ അധികാര സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച സ്റ്റാറ്റ്യൂട്ടുകളുടെ അദ്ധ്യായം 10 ഭാഗം 1, 2-ാം ഖണ്ഡിക (1), (2), (3), (4) ഉപഖണ്ഡികകളും ഭാഗം II 1-ാം ഖണ്ഡികയും ചേർന്ന് സ്പഷ്ടമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭാ സാമാജികരിൽ നിന്നും എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലാ ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച വിജ്ഞാപനം ചുവടെ ചേർക്കുന്നു.

1. എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലാ ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് ജനറൽ വിഭാഗത്തിൽ നിന്നും മൂന്ന് അംഗങ്ങളും ഒരു വനിത അംഗവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഒരു അംഗവും ഉൾപ്പെടെ അഞ്ച് അംഗങ്ങളെ കേരള നിയമസഭാ സാമാജികരിൽ നിന്നും ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ച് കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന ഇരു വിഭാഗങ്ങളിലേക്കും തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.
2. ഒരു സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2020 നവംബർ 16-ാം തീയതി തിങ്കളാഴ്ചയ്ക്കുപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു ഒഴിവു ദിവസങ്ങളൊഴികെ) പകൽ 11 മണിക്കും 4 മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെ നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നാമനിർദ്ദേശപത്രികകൾ വരണാധികാരിയെ ഏൽപ്പിക്കാവുന്നതാണ്.

701|20

3. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മേൽപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

4. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെ നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് 2020 നവംബർ 17-ാം തീയതി ചൊവ്വാഴ്ച പകൽ 11 മണിക്ക് നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നതും സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്ന് വൈകുന്നേരം 4 മണിക്ക് നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതുമാണ്.

5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2020 നവംബർ 23-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി വരണാധികാരിക്ക് അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ വച്ച് ഏൽപ്പിക്കാവുന്നതാണ്.

6. സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് 2020 നവംബർ 24-ാം തീയതി ചൊവ്വാഴ്ച നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്.

7. വോട്ടെടുപ്പ് ആവശ്യമായി വരുന്ന പക്ഷം 2020 നവംബർ 30-ാം തീയതി തിങ്കളാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചു കൊടുക്കുന്നതാണ്.

8. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും 2020 ഡിസംബർ 10-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണി ആയിരിക്കുന്നതാണ്.

9. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകളുടെ സൂക്ഷ്മ പരിശോധനയും വോട്ടെണ്ണലും 2020 ഡിസംബർ 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെ നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് നടത്തുന്നതാണ്.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
വരണാധികാരി &
സെക്രട്ടറി, കേരള നിയമസഭ